**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016 ഫെബ്രുവരി മാസത്തിൽ നടക്കുന്ന ആറ്റുകാൽ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.671/2016/തസ്വഭവ.    തിരുവനന്തപുരം, തീയതി: 18/02/2016**

---

പരാമർശം:- (1) 03.02.2016 ലെ സ.ഉ.(സാധാ) നമ്പർ 445/2016/തസ്വഭവ ഉത്തരവ്.
(2) 05.02.2016 ലെ സ.ഉ.(സാധാ) നമ്പർ 1236/2016/ഫിൻ ഉത്തരവ്.

**ഉത്തരവ്**

2016 ഫെബ്രുവരി മാസത്തിൽ നടക്കുന്ന ആറ്റുകാൽ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആറ്റുകാൽ വികസന മേഖലയിൽ വരുന്ന നഗരസഭാ വാർഡുകൾക്കും തിരുവനന്തപുരം ജില്ലാ കളക്ടർക്കും നൽകുന്നതിനായി ആകെ അഞ്ചു കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) ഉത്തരവ് പ്രകാരം നൽകിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ആറ്റുകാൽ പൊങ്കാല മഹോൽസവവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് 5 കോടി രൂപയുടെ വിനിയോഗാനുമതി നൽകി ഉത്തരവാകുന്നു. ടി തുക 2217-01-800-95 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ആറ്റുകാൽ പൊങ്കാല മഹോൽസവവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളുടെ കോ-ഓർഡിനേറ്ററായി തിരുവനന്തപുരം ജില്ലാ കളക്ടറെ നിയമിച്ചും ടി പ്രവൃത്തികളുടെ തുക വിതരണം, ധനവിനിയോഗ സർട്ടിഫിക്കറ്റ്, ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, ബാക്കി വന്ന തുക എന്നിവ സർക്കാരിൽ യഥാസമയം സമർപ്പിച്ച് ക്രമപ്പെടുത്തൽ എന്നീ ചുമതലകളും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകി ഉത്തരവാകുന്നു. ഈ സാമ്പത്തിക വർഷത്തിൽ തന്നെ പ്രസ്തുത തുക അധിക ധന പുനർക്രമീകരണം മുഖേനെ ക്രമപ്പെടുത്തുന്നതിനും ജില്ലാ കളക്ടറിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ജെയിംസ് വർഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ.
മുഖ്യ നഗരാസൂത്രകൻ.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ (ബഡ്ജറ്റ്) വകുപ്പ്.
ധനകാര്യ (ഡെ.വ) വകുപ്.പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.